بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 11.08.17 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 11.08.17 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനുശേഷം അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്ത ആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ബൈഅത്തിൽ തന്നെ ബന്ധിപ്പിക്കുന്ന ഓരോ അഹ്മദിയും അദ്ധ്യാത്മികവും ധാർമികവും വൈജ്ഞാനികവും വിശ്വാസപരവുമായ അഭിവൃദ്ധിക്കു വേണ്ടി ഒരു പ്രതിജ്ഞ ചെയ്യുന്നു. ഇക്കാലഘട്ടത്തിൽ അല്ലാഹു നമുക്ക് എംടിഎ തന്നനുഗ്രഹിച്ചിരിക്കുകയാണ്. ജമാഅത്തീ പരിപാടികളുണ്ട്, സമ്മേളനങ്ങളുണ്ട്, ഖുതുബകളുണ്ട്, സർവോപരി ലക്ഷക്കണക്കിനാളുകൾ എംടിഎയും ഇന്റർനെറ്റും മുഖേന ആഗോള ബൈഅത്തിൽ പങ്കെടുക്കുകയും ചെയ്യുന്നു. അതുകൊണ്ട് തനിക്ക് ബൈഅത്തിന്റെ നിബന്ധനകളെക്കുറിച്ച് അറിയില്ലെന്ന് ഒരഹ്മദിക്കും, അയാൾ ജന്മനാ അഹ്മദിയോ ബൈഅത്ത് ചെയ്ത് വന്നതോ ആയിക്കൊള്ളട്ടെ, പറയാനാവില്ല.

അതുകൊണ്ട് ബൈഅത്തിനു ശേഷം ആ പ്രതിജ്ഞ മുന്നിൽ വെച്ചു കൊണ്ട് അതിന്റെ വിശദാംശങ്ങൾ അറിയേണ്ട ആവശ്യകതയാണുള്ളത്. ബൈഅത്തിൽ പ്രതിപാദിച്ചിട്ടുള്ള ധാർമികോന്നമനത്തിനു വേണ്ടിയുള്ള നിബന്ധനകളെ മാത്രം നാം മുന്നിൽ വെക്കുകയാണെങ്കിൽ നമ്മുടെ ധാർമിക നിലവാരത്തിലും സാമൂഹ്യബന്ധങ്ങളിലും വാണിജ്യ വ്യവഹാരങ്ങളിലും ദൈനംദിന ഇടപാടുകളിലും കുടുംബകാര്യങ്ങളിലുമെല്ലാം അനിതരസാധാരണമായ അഭിവൃദ്ധിയും ഉന്നമനവും ഉണ്ടാകാവുന്നതാണ്. എന്നാൽ നമ്മിൽ പലരും ഹദ്റത്ത് മസീഹ് മൗഊദ്(അ) കാണാൻ ആഗ്രഹിക്കുന്ന ആ നിലവാരത്തിൽ നിന്ന് വളരെ അകലെയാണ്. ആ നിബന്ധനകളിലെ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ ശ്രദ്ധ ക്ഷണിച്ച ചില കാര്യങ്ങൾ ഇവയാണ്:

കളവ് പറയരുത്, അതിക്രമം പ്രവർത്തിക്കരുത്, വഞ്ചനയിൽ നിന്ന് വിട്ടു നില്ക്കുക, ദേഹേച്ഛപരമായ വികാരങ്ങൾക്ക് വിധേയരാവരുത്, ദേഹേച്ഛപരമായ വികാരങ്ങളാൽ ജനങ്ങൾക്ക് പൊതുവായും മുസ്ലിംകൾക്ക് പ്രത്യേകമായും നാവു കൊണ്ടോ കരങ്ങൾ കൊണ്ടോ പ്രയാസം ഉണ്ടാക്കരുത്, അഹങ്കരിക്കരുത്, വിനയം അവലംബിക്കുക, എപ്പോഴും സദ്സ്വഭാവം കാണിച്ചു കൊണ്ട് ജീവിക്കുക, മാനവകുലത്തിന് പൊതുവായി ഗുണം എത്തിക്കാൻ ശ്രമിക്കുക.

ഈ കാര്യങ്ങളിൽ നാം ശ്രദ്ധ കൊടുക്കുകയാണെങ്കിൽ, ഞാൻ പറഞ്ഞതു പോലെ, നമുക്ക് ധാർമിക നിലവാരം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. നാം പരിശോധിക്കുമ്പോൾ, ബൈഅത്ത് ചെയ്തിട്ടും അതനുസരിച്ചു പ്രവർത്തിക്കാത്തവരുടെ എണ്ണം നമ്മെ വ്യാകുലപ്പെടുത്തുന്നതാണ്. സ്വന്തം അവകാശങ്ങളെ ബലിയർപ്പിച്ചു കൊണ്ട്, സ്വയം പ്രയാസത്തിലകപ്പെട്ടു കൊണ്ട് ഉന്നതധാർമിക ഗുണങ്ങൾ അവലംബിക്കേണ്ട സാഹചര്യത്തിലൂടെ നാം കടന്നു പോകാതിരിക്കെ അത്തരത്തിലുള്ള ധാർമിക നിലവാരം പ്രകടിപ്പിക്കേണ്ടതാണെന്നും അങ്ങനെ ചെയ്യാത്തവൻ വലിയ അക്രമമാണ് ചെയ്യുന്നതെന്നും നാം ശക്തിയുക്തം പറയാറുണ്ട്. എന്നാൽ, അത് നമ്മെ നേരിട്ടു ബാധിക്കുന്നതാണെങ്കിൽ നമ്മിൽ അധികം പേരും ആ സ്വഭാവഗുണങ്ങളെ വിസ്മരിക്കുന്നു. ഖളായുടെ ചില പ്രശ്നങ്ങൾ എന്റെ മുന്നിൽ വരുമ്പോൾ സത്യവും കളവും സ്ഥാപിക്കുന്നതിനു പകരം, ന്യായം സ്ഥാപിക്കുന്നതിനു പകരം, നിർബന്ധ ബുദ്ധിയും ദുർവാശിയും കാണുമ്പോൾ അദ്ഭുതപ്പെട്ടു പോകുന്നു. അതിനാൽ, അഹ്മദി വക്കീലുമാരും ഇരുപക്ഷവും തങ്ങളുടെ അനുസരണ പ്രതിജ്ഞയ്ക്കും ദൈവഭയത്തിനും സ്വാർഥതാത്പര്യങ്ങളെക്കാൾ പ്രാമുഖ്യം കല്പിക്കേണ്ടതാണ്. അത്തരം സാഹചര്യങ്ങളിൽ ശാഠ്യം പിടിച്ചു കൊണ്ട് കലഹങ്ങളെ നീട്ടിക്കൊണ്ടു പോകുന്നതിനു പകരം അല്ലാഹുവിന്റെ തൃപ്തിക്കു വേണ്ടി തന്റെയുള്ളിൽ സൗമ്യത സംജാതമാക്കിക്കൊണ്ട് ജമാഅത്ത് വ്യവസ്ഥിതിയിലോ ഖളായിലോ പ്രശ്നം കൊണ്ടു വരികയാണ് ഒരു വിശ്വാസി ചെയ്യേണ്ടത്. നാം പരസ്പരം സഹോദരന്മാരാണ്, തെറ്റിധാരണകളെയും വ്യർഥമായ പരാതികളെയും അകറ്റിക്കൊണ്ട് പരസ്പരം സ്നേഹത്തോടെ ജീവിക്കാൻ നാം ശ്രമിക്കേണ്ടതാണ്.

അവകാശം നല്കേണ്ടവനും അവകാശം നേടേണ്ടവനും രണ്ടുപേരും ദുർവാശിക്കാരായാൽ ജമാഅത്ത് വ്യവസ്ഥിതിയോ ഖളായോ രാജ്യത്തെ കോടതിയുമെല്ലാം എങ്ങനെയെല്ലാം നീതിയിലധിഷ്ഠിതമായി തീർപ്പ് കല്പിച്ചാലും പ്രശ്നം ഒരിക്കലും തീരുകയില്ല. അവകാശം നല്കേണ്ടവൻ അങ്ങനെ ചെയ്യാതെ അതു ഹനിച്ചു കളയുകയോ തീരുമാനം അംഗീകരിക്കാൻ കൂട്ടാക്കാതിരിക്കുകയോ ചെയ്യുന്നു. അതുമല്ലെങ്കിൽ ഞങ്ങളുടെ മേൽ വലിയ അന്യായമാണ് ചെയ്തിരിക്കുന്നത്, അങ്ങ് സ്വയം അത് പരിശോധിച്ചാലും എന്ന് എനിക്ക് എഴുതുന്നു. ഈ പരാതി ഒരിക്കലും അവസാനിക്കാറില്ല.

ആയതിനാൽ, പ്രശ്നങ്ങളെ നല്ല രീതിയിൽ പരിഹരിക്കാൻ ദുർവാശികൾ ഉപേക്ഷിക്കേണ്ടതുണ്ട്. പ്രശ്നം പരിഹരിക്കുമ്പോൾ അവകാശം സ്ഥിരീകരിച്ചാൽ തന്നെ അത് കരസ്ഥമാക്കുമ്പോൾ എതിർപക്ഷത്തിന്റെ സൗകര്യം കൂടി കണക്കിലെടുക്കേണ്ടതാണ്. ചിലപ്പോൾ ഒരു പരിധി വരെ തന്റെ അവകാശം ഉപേക്ഷിക്കേണ്ടി വരാറുമുണ്ട്. ഇതു സംബന്ധമായി അല്ലാഹു നമുക്ക് നല്കുന്ന അധ്യാപനം:

*വ ഇൻ കാന ദു ഉസ്റത്തിൻ ഫ നളിറത്തുൻ ഇലാ മൈസറ വ ഇൻ തസദ്ദഖൂ ഖൈറൻ ലകും ഇൻ കുൻ തും തഅ്‌ലമൂൻ.* എന്നാണ്

ആരെങ്കിലും ബുദ്ധിമുട്ടുള്ള അവസ്ഥയിൽ നിന്റെയടുക്കൽ വന്നാൽ അയാളുടെ അവസ്ഥ നന്നായിത്തീരുന്നതു വരെ സമയം നല്കേണ്ടതാണ്. നിങ്ങളുടെ കടം നിങ്ങൾ മാപ്പാക്കുകയാണെങ്കിൽ അത് വളരെ ഉത്തമമാണ്; നിങ്ങൾ അറിവുള്ളവരാണെങ്കിൽ. അത്തരം നിർബന്ധിതാവസ്ഥ നിങ്ങൾക്കും വരാവുന്നതാണെന്ന കാര്യം മനസ്സിലാക്കണം. എല്ലാറ്റിലുമുപരി, അല്ലാഹു നമ്മുടെ എല്ലാ കാര്യങ്ങളിലും ഇളവ് നല്കുന്നു. സർവശക്തികളുടെയും ഉടമസ്ഥനായ അല്ലാഹു നമ്മുടെ എല്ലാ കാര്യങ്ങളെയും പിടിക്കാൻ തുടങ്ങിയാൽ പിന്നെ നമുക്ക് ഒരു ഗതിയുമുണ്ടാവില്ല. അതുകൊണ്ട് പരസ്പര വ്യവഹാരങ്ങളിൽ നാം സൗമ്യമായും ദാക്ഷിണ്യം കാണിച്ചുകൊണ്ടും പെരുമാറേണ്ടത് അനിവാര്യമാണ്. ദൈനംദിന ഇടപാടുകളിലും കച്ചവടകാര്യങ്ങളിലും കടമിടപാടുകളിലും എപ്പോഴും ഓർമിക്കേണ്ട മുഖ്യനിർദേശമാണിത്. നിങ്ങൾ ലോകത്ത് കാരുണ്യത്തോടും മൃദുലതയോടും പ്രവർത്തിക്കുകയാണെങ്കിൽ പരലോകത്ത് ദൈവം നിങ്ങളോട് കാരുണ്യത്തോടെ പെരുമാറുന്നതാണെന്ന് നബി(സ)തിരുമേനി വിശ്വാസികളെ പലവട്ടം ഉണർത്തിയിട്ടുണ്ട്. അല്ലാഹു ഒരു ദിവസം നമ്മുടെ കണക്കും എടുക്കുമെന്ന് എപ്പോഴും ഓർക്കേണ്ടതാണ്. അവകാശത്തിൽ മാത്രം അധിഷ്ഠിതമായി അല്ലാഹു തീരുമാനമെടുക്കുകയാണെങ്കിൽ പാപപൊറുതി പ്രയാസകരമാണ്. അതുകൊണ്ട് അല്ലാഹുവിന്റെ കാരുണ്യവും ഔദാര്യവും ആകർഷിക്കുന്നതിന് നാം ദുനിയാവിലെ പ്രശ്നങ്ങളിൽ പരസ്പരം മൃദുഭാവത്തോടും കാരുണ്യത്തോടും പെരുമാറേണ്ടതാണ്. അല്ലാതെ, വിട്ടുവീഴ്ചയില്ലാതെ ശിക്ഷയെക്കുറിച്ചും സ്വന്തം അവകാശത്തെക്കുറിച്ചു മാത്രം ചിന്തിക്കരുത്.

വിശുദ്ധ ഖുർആന്റെ ഈ സുവർണ നിർദേശങ്ങളെ നാം ഓർക്കുകയും നബി(സ)തിരുമേനിയുടെ ഉപദേശങ്ങളെ മുന്നിൽ വെക്കുകയും ചെയ്യുന്നപക്ഷം ശാന്തിനിർഭരമായ ഒരു സമൂഹം കെട്ടിപ്പടുക്കാവുന്നതാണ്; അസ്വസ്ഥതകൾ പിന്നെ വ്യാപിക്കുകയില്ല; കലഹങ്ങൾ ഒരിക്കലും നീണ്ടുപോകുകയില്ല; തീരുമാനം നടപ്പിലാക്കേണ്ട വകുപ്പുകൾക്കും പ്രയാസമുണ്ടാകുകയില്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പകരം അവർക്ക് ഏതെങ്കിലും ക്രിയാത്മക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്. ഈ വ്യർഥമായ സംഗതികളിൽ എന്റെ സമയവും പാഴാവുകയില്ല. ചിലപ്പോൾ കേസ് പരിശോധിച്ചതിനു ശേഷം ഇരുപക്ഷത്തിനും ഞാൻ മറുപടി കൊടുക്കാറുണ്ട്. എന്നാൽ, തങ്ങൾ ആഗ്രഹിക്കുന്ന മറുപടിയല്ലെങ്കിൽ പിന്നെ അവർ സ്വന്തം നിലപാടിൽ ശാഠ്യം പിടിക്കുന്നു. അല്ല, ഞങ്ങളാണ് ശരി എന്നവർ വാശിപിടിക്കുന്നു. തീർപ്പും ഞങ്ങൾക്കനുകൂലമായിരിക്കണം, എതിർപക്ഷത്തിന്റെ സൗകര്യവും കണക്കിലെടുക്കുകയില്ല എന്നത് ദുർവാശിയാണ്. എന്റെ വ്യക്തമായ മറുപടിയെ വകവെക്കാതെ ഞങ്ങൾ ആ കേസിനെക്കുറിച്ചു എഴുതിയിരുന്നു, സത്യം ഞങ്ങളുടെ ഭാഗത്താണ്, അങ്ങു വീണ്ടും പരിശോധിച്ച് ഞങ്ങൾക്ക് അർഹതപ്പെട്ടത് നല്കിയാലും എന്ന് ചിലപ്പോൾ മൂന്നു നാല് മാസങ്ങൾക്കു ശേഷം അങ്ങേയറ്റം വാശിയോടെ അവർ എഴുതുന്നു.

സത്യം തന്റെ പക്ഷത്താണെന്ന് ഒരു കക്ഷി വിചാരിക്കുകയും എന്നാൽ തീരുമാനം അയാൾക്കെതിരുമാണെങ്കിൽ അതിന് ഖളായെയോ ഖാളിയെയോ ആക്ഷേപിക്കരുത്. ഇങ്ങനെ ആക്ഷേപിക്കുന്ന ശീലമുള്ളവരാണ് ചിലർ. ഒരു തീരുമാനത്തിൽ വല്ല അവ്യക്തതയുമുണ്ടെങ്കിൽ, അല്ലെങ്കിൽ ഇരുപക്ഷത്തിലാരെങ്കിലും ഈ തീരുമാനത്തിൽ അവ്യക്തതയുണ്ടെന്ന് ചിന്തിക്കുകയാണെങ്കിൽ ആ പക്ഷത്തിന്റെ അപേക്ഷപ്രകാരം ചിലപ്പോൾ ഞാൻ ഫയൽ വാങ്ങി നോക്കാറുണ്ട്. ഒട്ടുമിക്ക തീരുമാനങ്ങളും ശരിയായിരിക്കും. ദുർഭാവനകൾ കൊണ്ട് മാത്രമാണ് സംശയങ്ങളും സന്ദേഹങ്ങളും ഉടലെടുക്കുന്നത്. അതുകൊണ്ട് ദുർഭാവനകളിൽ നിന്ന് വിട്ട് നില്ക്കുക. അതു പിന്നീട് മറ്റ് തിന്മകളിലേക്ക് വഴി തുറക്കുകയാണ് ചെയ്യുന്നത്.

ഖളായിലെ പ്രശ്നങ്ങൾ നേരിട്ടുള്ള ഇടപാടുകളാണെങ്കിലും കച്ചവടസംബന്ധമാണെങ്കിലും കുടുംബപരമാണെങ്കിലും ഓരോ പ്രശ്നവും നേരിട്ടോ അല്ലാതെയോ ഉള്ള ഇടപാടുകേസുകളായി തീരുന്നു. വിവാഹപ്രശ്നങ്ങളിൽ ചിലപ്പോൾ ഹഖ് മഹർ കൊടുക്കുന്നതിനെയോ സാധനങ്ങൾ നല്കുന്നതിനെയോ ചൊല്ലിയായിരിക്കും. ഏതായിരുന്നാലും ഒരു കേസിൽ സാമ്പത്തികപ്രശ്നങ്ങൾ ഏതെങ്കിലും വിധേന ഉൾപ്പെടാറുണ്ട്. കാലയിളവ് അനുവദിക്കണമെന്ന തത്ത്വം എല്ലായിടത്തും ഒരളവോളം നടക്കുന്നുണ്ട്. കുടുംബപ്രശ്നങ്ങളിലും ഇടപാടുപ്രശ്നങ്ങളിലും അധികവും പണമാണ് ആവശ്യപ്പെടാറ്. ഉദാഹരണമായി വിവാഹപ്രശ്നങ്ങളിൽ ഹഖ് മഹർ നല്കൽ ഭർത്താവിൽ നിക്ഷിപ്തമായ കടമാണ്. അതുപോലെ നേരിട്ടുള്ള കടമിടപാടുകളുടെ പ്രശ്നമാണെങ്കിൽ അവസ്ഥകൾ പരിശോധിച്ചതിനു ശേഷം തവണകളായി നല്കാൻ ഖളാ നിശ്ചയിക്കുകയാണെങ്കിൽ എതിർപക്ഷം അതിലും ആക്ഷേപം ഉന്നയിക്കുന്നു. ഒരു സമാധാനനിർഭര സമൂഹത്തെക്കുറിച്ച് നാം അഹ്മദികൾ ലോകത്തോടു പറയുമ്പോൾ നമ്മുടെ പ്രശ്നങ്ങളിലും സമാധാനം സ്ഥാപിക്കാനുള്ള ശ്രമമാണ് നാം നടത്തേണ്ടത്.

പരസ്പരമുള്ള കടമകൾ നിർവഹിക്കുന്നതിൽ മുഅ്മിനീങ്ങൾ താത്പര്യം കാണിക്കേണ്ടതാണ്. ന്യായം ലഭിക്കേണ്ട വ്യക്തിയുടെ മനോഭാവത്തെ നാം മൃദുവാക്കിയാലും അതു നല്കേണ്ട ആളുടെ മനോഭാവം കാരണത്താൽ കേസ് മുന്നോട്ടു പോകാത്ത ഒരുപാട് കേസുകളുണ്ട്. അതിനു ശേഷം ഞങ്ങളോടു നല്ലരീതിയിൽ പെരുമാറിയില്ലെന്ന പരാതിയും ഉണ്ടാകുന്നു.

ഒരു സുന്ദര സമൂഹം കെട്ടിപ്പടുക്കുന്നതിൽ എന്തൊക്കെ കാര്യങ്ങളാണ് അനിവാര്യമായിരിക്കുന്നത് എന്നതിനെക്കുറിച്ച് നബി(സ) തിരുമേനിയുടെ ചില നിർദേശങ്ങൾ നിങ്ങളുടെ മുൻപിൽ സമർപ്പിക്കുകയാണ്. പരസ്പരമുള്ള ഇടപാടുകളിൽ അയവ് കാണിക്കുന്ന വ്യക്തിക്ക് ദുആ ചെയ്തുകൊണ്ട് അവിടുന്ന് പറയുന്നു: ക്രയവിക്രയത്തിലും കടം തിരിച്ചു ചോദിക്കുന്നതിലും എളുപ്പം ഉണ്ടാക്കുന്ന വ്യക്തിയുടെ

മേൽ അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. പിന്നീട് അവിടുന്ന് എളുപ്പം ഉണ്ടാക്കുന്നവർക്ക് സന്തോഷവാർത്ത നല്കിക്കൊണ്ടും മറ്റുള്ളവരെ അതിലേക്ക് പ്രേരിപ്പിച്ചു കൊണ്ടും പറഞ്ഞു: വാങ്ങുമ്പോഴും വില്ക്കുമ്പോഴും കടം കൊടുക്കുമ്പോഴും അത് തിരിച്ചു ചോദിക്കുമ്പോഴും എളുപ്പം സംജാതമാക്കിയിരുന്ന ഒരാളെ അല്ലാഹു സ്വർഗത്തിൽ പ്രവേശിപ്പിച്ചു. മറ്റൊരു നിവേദനത്തിൽ പറയുന്നു: കടം വാങ്ങിയ ദരിദ്രന് അത് തിരിച്ചു നല്കൻ സമയം നല്കുകയോ അല്ലെങ്കിൽ അതു മാപ്പാക്കുകയോ ചെയ്യുന്ന വ്യക്തിക്ക് അല്ലാഹുവിന്റെ തണലല്ലാതെ മറ്റൊരു തണലും ഇല്ലാതിരിക്കുന്ന ഖിയാമത് നാളിൽ അല്ലാഹു അയാൾക്ക് തന്റെ അർശിനു കീഴിൽ തണലേകുന്നതാണ്.

വീണ്ടും അവിടുന്ന് പറയുന്നു: ഒരു കച്ചവടക്കാരൻ ജനങ്ങൾക്ക് കടം നല്കാറുണ്ടായിരുന്നു. ദരിദ്രനായ വ്യക്തിയെ കണ്ടാൽ അയാൾ തന്റെ ജോലിക്കാരോട് പറയും, അയാളോട് വിട്ടുവീഴ്ച ചെയ്യുക അല്ലാഹു നമ്മോടും വിട്ടുവീഴ്ച ചെയ്യുന്നതാണ്. അങ്ങനെ അയാളുടെ ആ പ്രവൃത്തി കാരണം അല്ലാഹു അയാൾക്ക് മാപ്പ് നല്കി. അതു കൊണ്ട് കലഹങ്ങളിലും പ്രശ്നങ്ങളിലും കോടതികളിലും അനാവശ്യമായി സമയവും ധനവും ചെലഴിക്കുന്നതിനു പകരം കഴിവുള്ളവർ സാധ്യമാകുന്നിടത്തോളം സൗകര്യം അനുവദിക്കുകയാണു വേണ്ടത്. കടം കൊടുക്കുന്നവരും ന്യായം കിട്ടേണ്ടവരും കാലയിളവ് അനുവദിക്കണമെന്ന് മാത്രമല്ല ഇസ്‌ലാം പറയുന്നത്. ഇരുവിഭാഗങ്ങളെയും അവരുടെ കടമകളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയും അവരുടെ മനസ്സിലെ വിദ്വേഷം അകറ്റുകയും ചെയ്തു കൊണ്ട് ഒരു ശാന്തിനിർഭരമായ സമൂഹത്തെയാണ് ഇസ്‌ലാം പടുത്തുയർത്തുന്നത്. അതുകൊണ്ട് തന്നെ ന്യായം നല്കേണ്ട വ്യക്തിയെയും അതു ഉപദേശിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ നിബന്ധനകളിൽ ഒന്ന് കുഴപ്പങ്ങളിൽ നിന്ന് വിട്ട് നില്ക്കാൻ ശ്രമിക്കും എന്നതാണ്. നബി(സ) തിരുമേനിയും ഇതുസംബന്ധിച്ച് നമുക്ക് നിർദേശം നല്കിയിട്ടുണ്ട്. ഒരു രിവായത്തിൽ വന്നിരിക്കുന്നു, നബി(സ)തിരുമേനി അരുളി: സമ്പന്നൻ കടം തിരുച്ചു നല്കാതെ ഒഴിഞ്ഞുമാറുന്നത് അക്രമമാണ്. നിങ്ങളിൽ ആരോടെങ്കിലും ഒഴിഞ്ഞു മാറുന്നവനെ പിന്തുടരാൻ പറഞ്ഞാൽ നിങ്ങൾ അപ്രകാരം ചെയ്യേണ്ടതാണ്. അതായത്, മറ്റുള്ളവർക്ക് അർഹതപ്പെട്ടതു അയാളിൽ നിന്ന് നിർബന്ധിച്ച് കൊടുപ്പിക്കേണ്ടതാണ്; കടം വാങ്ങിയത് തിരിച്ചു കൊടുപ്പിക്കേണ്ടതാണ്. ഇവിടെ സൗമ്യതയോ ദാക്ഷിണ്യമോ കാണിക്കേണ്ടതില്ല. കാരണം, അയാൾക്ക് അതിനുള്ള കഴിവുണ്ട്. മറ്റൊരിടത്ത് നബി(സ) തിരുമേനി പറഞ്ഞു: കടം തിരിച്ചു നല്കാതെ നിസ്സാര കാരണങ്ങൾ പറഞ്ഞ് ഒഴിഞ്ഞു മാറുന്നത് അയാളെ മാനക്കേടിനും ശിക്ഷയ്ക്കും അർഹനാക്കുന്നു. ആയതിനാൽ, അവകാശങ്ങൾ പിടിച്ചെടുക്കുന്ന അത്തരം ആളുകൾക്ക്, അവർ സഹകരിക്കുന്നില്ലെങ്കിൽ, ശിക്ഷ നല്കേണ്ടത് ജമാഅത്ത് വ്യവസ്ഥിതിയുടെ ചുമതലയാണ്. ഖളായുടെ തീരുമാനപ്രകാരം പ്രവർത്തിക്കാത്തവർക്കും അവകാശധ്വംസകർക്കും ശിക്ഷ ലഭിക്കുമ്പോൾ തങ്ങളോട് ദാക്ഷിണ്യത്തോടെ പെരുമാറിയില്ലെന്ന് ബഹളം വെയ്ക്കരുത്. അവന് ശിക്ഷ നല്കാനുള്ള അവകാശം അല്ലാഹുവിന്റെ റസൂൽ ജമാഅത്ത് വ്യവസ്ഥിതിക്കു നല്കിയിരിക്കുന്നു. അത്തരം ആളുകൾക്ക് നാട്ടിലെ നിയമവും ശിക്ഷ നല്കാറുണ്ട്.

നബി(സ) തിരുമേനിയുടെ ഭയപ്പെടുത്തുന്നതും താക്കീത് നല്കുന്നതുമായ മറ്റൊരു നിർദേശം കൂടിയുണ്ട്. അത് ഇതാണ്: തിരിച്ചടക്കണമെന്ന ഉദ്ദേശ്യത്തോടെ ഒരാൾ ജനങ്ങളിൽ നിന്ന് ധനം വാങ്ങുകയോ കടം വാങ്ങുകയോ ചെയ്താൽ അല്ലാഹു അയാളെക്കൊണ്ട് അത് തിരിച്ചടപ്പിക്കുന്നതാണ്. എന്നാൽ, ധനം അന്യായമായി വിനിയോഗിക്കണമെന്നും അതു പാഴാക്കണമെന്നുമുള്ള ഉദ്ദേശ്യത്തോടെ വാങ്ങുന്നവനെ അല്ലാഹുവും പാഴാക്കുന്നതാണ്.

ഉദ്ദേശ്യം നല്ലതാണെങ്കിൽ അല്ലാഹു അതിനുള്ള മാർഗങ്ങൾ സജ്ജമാക്കിത്തരുന്നു. അല്ലെങ്കിൽ കടം കൊടുക്കുന്നയാളുടെ മനസ്സിൽ മൃദുവികാരങ്ങൾ സൃഷ്ടിക്കുന്നു. എന്നാൽ ഉദ്ദേശ്യം തന്നെ നല്ലതല്ലെങ്കിൽ അല്ലാഹു അവന് ശിക്ഷ നല്കുന്നു. കടം വീട്ടാൻ മതിയായ സ്വത്തോ പണമോ ഇല്ലാതെ മരിച്ചവരുടെ ജനാസ നബി(സ)തിരുമേനി നമസ്കരിക്കാറില്ലായിരുന്നു. കടം വാങ്ങുന്നതിൽ നിന്ന് രക്ഷപ്പെടാൻ നബി(സ) ദുആ ചെയ്യാറുണ്ടായിരുന്നു. എന്നല്ല, വായ്പയെയും കുഫ്റിനെയും ചേർത്തു പറഞ്ഞിട്ടുമുണ്ട്. ഒരു സഹാബി രിവായത്ത് ചെയ്യുന്നു: നബി(സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: ഞാൻ കുഫ്റിൽ നിന്നും കടത്തിൽ അല്ലാഹുവിനെ അഭയം പ്രാപിക്കുന്നു. ഒരാൾ നബി(സ) തിരുമേനിയോട് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, കടം കുഫ്റിനു തുല്യമായിട്ടാണോ വരിക? നബി(സ) തിരുമേനി പറഞ്ഞു: അതേ.

അഭയം തേടാൻ പറഞ്ഞിരിക്കുന്നതും അതുകൊണ്ടാണ്. നേരിട്ട് കടം വാങ്ങുന്നവർ കഴിവിന്റെ പരമാധി അതിൽ നിന്ന് വിട്ടു നില്ക്കേണ്ടതാണ്. ഇനി വാങ്ങിയാൽ, അത് തിരിച്ചടക്കാനുള്ള ചിന്തയുണ്ടായിരിക്കണം. അതുകൊണ്ട് ജമാഅത്തംഗങ്ങൾ ഇതിൽ ഒരുപാട് ശ്രദ്ധിക്കേണ്ടതുണ്ട്. കടം വീട്ടുന്നതുമായി ബന്ധപ്പെട്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഒരു പരിഹാരം നിർദേശിച്ചിട്ടുണ്ട്. കടം വാങ്ങുന്നവർ ഇതനുസരിച്ച് പ്രവർത്തിച്ചു നോക്കുക. അവിടുന്ന് പറഞ്ഞു: ഒന്നാമതായി, അധികമായി ഇസ്തിഗ്ഫാർ ചെയ്തു കൊണ്ടിരിക്കുക. രണ്ടാമതായി ദുർവ്യയം ഉപേക്ഷിക്കുക. അനാവശ്യച്ചെലവ് കാരണത്താലാണ് പലരം കടം വാങ്ങുന്നത്. അവർ ആഗ്രഹങ്ങളെ വർധിപ്പിക്കുന്നു. മൂന്നാമതായി, ഒരു പൈസപോലും ലഭിച്ചാൽ അത് കടക്കാരന് കൊടുക്കുക. ചിലർ താത്പര്യം കൊണ്ട് കടം വാങ്ങാറുണ്ട്. അത് ദുർവ്യയമാണ്. ഒരിക്കൽ മനുഷ്യൻ കടം വാങ്ങിയാൽ അതിൽ തന്നെ കുടുങ്ങിക്കൊണ്ടേ പോകുന്നതാണ്. അതുപോലെ പരിചയമില്ലാത്ത യുവാക്കൾ ബിസിനസ് തുടങ്ങുന്നു. കച്ചവടത്തിന്റെ പേരിൽ അവർ ജനങ്ങളിൽ നിന്ന് പണം വാങ്ങുന്നു. പരിചയമില്ലാത്ത കാരണത്താൽ കച്ചവടമെല്ലാം പൊളിഞ്ഞു പോകുന്നു. സ്വന്തം പണവും മറ്റുള്ളവരുടെ പണവും കളഞ്ഞു കുളിച്ചു. അങ്ങനെയുള്ള ആളുകളും ശ്രദ്ധിക്കേണ്ടതാണ്. പണം കൊടുക്കുന്നവരും പിന്നീട് പരാതിക്കും

കേസിനും ഇടനല്കാതെ ആദ്യമേ ആലോചിച്ച് പണം നല്കേണ്ടതാണ്. നമ്മിൽ എപ്പോഴും ശാന്തിനിർഭരമായ ഒരു സമൂഹം നിലനില്ക്കുന്നതിനു വേണ്ടി ഈ കാര്യങ്ങളിൽ നിന്ന് നാം വിട്ടു നില്ക്കേണ്ടതാണ്.

അല്ലാഹു നമുക്ക് നമ്മുടെ ജീവിതത്തിൽ ഒരു വിശ്വാസിയുടെ യഥാർഥ വർണം സംജാതമാക്കാനുള്ള തൗഫീഖ് തന്നനുഗ്രഹിക്കുമാറാകട്ടെ. ഒരു സമാധാനനിർഭര സമൂഹം കെട്ടിപ്പടുക്കുന്നവരാകട്ടെ. നബി(സ) ഉദ്ബോധിപ്പിച്ച, വിശുദ്ധഖുർആൻ പരാമർശിച്ച, ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്ന ആ ഉന്നതധാർമ്മിക ഗുണങ്ങൾ നാം സ്വായത്തമാക്കുന്നവരാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 11-08-17
Malayalam Translation : **Moulvi Mohammed Arif**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala